<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99**</u> <u>**14-03-2022 - ൽ മറുപടിയ്ക്ക്**</u>

<u>**പരിസ്ഥിതി ലോല പ്രദേശങ്ങളിലെ ലയങ്ങളുടെ പുനരുദ്ധാരണം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എ. രാജ** | | **null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരിസ്ഥിതി ലോല പ്രദേശങ്ങളുടെ സംരക്ഷണം മറയാക്കി എസ്റ്റേറ്റ് ലയങ്ങളുടെ പുനരുദ്ധാരണം തടസ്സപ്പെടുത്തുന്ന മാനേജ്മെന്റ് നടപടികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | എ) തൊഴിലാളികൾ താമസിയ്ക്കുന്ന ലയങ്ങൾ പരിസ്ഥിതി ലോല പ്രദേശത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല. സംസ്ഥാനത്ത് പരിസ്ഥിതി ലോല പ്രദേശങ്ങളുടെ സംരക്ഷണം മറയാക്കി എസ്റ്റേറ്റ് ലയങ്ങളുടെ പുനരുദ്ധാരണം തടസ്സപ്പെടുത്തുന്ന മാനേജ്മെന്റ് നടപടികളോ പരാതികളോ ഒന്നും തന്നെ തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ലയങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളെ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടും കെട്ടിടങ്ങളുടെ നവീകരണം നടത്താൻ മാനേജ്മെന്റ് തയ്യാറാകാത്തത് ഗൗരവമായി കാണുന്നുണ്ടോ; | (ബി) | ബി) പരിസ്ഥിതി ലോല പ്രദേശമായതു കൊണ്ട് ലയങ്ങൾ പുനരുദ്ധരിക്കാൻ സാധിക്കുന്നില്ല എന്ന പരാതി മാനേജ്മെന്റോ, തോട്ടം തൊഴിലാളി യൂണിയൻ പ്രതിനിധികളോ ഉന്നയിച്ചിട്ടില്ല. |
| (സി) | എസ്റ്റേറ്റുകളുടെ ഭാഗമായി പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | സി) നിലവിൽ എസ്റ്റേറ്റുകളുടെ ഭാഗമായി പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടില്ല; എന്നാൽ മുൻപ് എസ്റ്റേറ്റുകൾക്കുള്ളിൽ യാതൊരു കാർഷിക പ്രവർത്തനവും ഇല്ലാതിരുന്നതും പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ നിർവ്വചനത്തിൽ വരുന്നതും സ്വാഭാവിക വനങ്ങളായിരുന്നതുമായ ഭൂപ്രദേശങ്ങൾ 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട് പ്രകാരം ടി നിയമം പ്രാബല്യത്തിൽ വന്ന 2000-ം മാണ്ട് ജൂൺ മാസം 2-ാം തീയതി മുതൽ സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. അവ എസ്റ്റേറ്റുകളുടെ ഭാഗമല്ല. |
| (ഡി) | പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനോ മറ്റ് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനോ തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഡി) തൊഴിലാളികൾ താമസിയ്ക്കുന്ന ലയങ്ങൾ പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല. 02/06/2000 തീയതിയായി പ്രാബല്യത്തിൽ ഏറ്റെടുത്തിട്ടുള്ള ഇ.എഫ്.എൽ ഭൂമിയിൽ ലയങ്ങൾ ഉൾപ്പെട്ട് വരാത്തതിനാൽ ടി |

| | | | |
|---|---|---|---|
| | | | ലയങ്ങളുടെ അറ്റകുറ്റപണികൾക്ക് തടസ്സമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ